**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5645** **08-07-2024 - ൽ മറുപടിയ്ക്ക്**

**മയക്കമരുന്ന്, മദ്യപാനം എന്നിവ മൂലമുണ്ടാകുന്ന കുറ്റകൃത്യങ്ങൾ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന്,<br>ശ്രീ. കെ. പി. എ. മജീദ്,<br>ഡോ. എം. കെ. മുനീർ</td><td colspan="2">ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)</td></tr>
<tr><td>(എ)</td><td>മയക്കമരുന്ന്, മദ്യപാനം എന്നിവ മൂലമുണ്ടാകുന്ന കുറ്റകൃത്യങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;</td><td>(എ)</td><td>സംസ്ഥാനത്ത് മയക്കമരുന്ന്, മദ്യപാനം എന്നിവ മൂലമുണ്ടാകുന്ന കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണത്തിൽ നേരിയ തോതിലുള്ള വർദ്ധനവ് ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന്റെ വർഷം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.<br><br>
<table>
<tr><td colspan="6">2019 മുതൽ 30.06.2024 വരെയുള്ള കാലയളവിൽ മയക്കമരുന്ന്, മദ്യപാനം എന്നിവ മൂലമുണ്ടായ കുറ്റകൃത്യങ്ങൾക്കെതിരെ രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം.</td></tr>
<tr><td>2019</td><td>2020</td><td>2021</td><td>2022</td><td>2023</td><td>2024 (30.06.2024 വരെ)</td></tr>
<tr><td>10</td><td>15</td><td>16</td><td>28</td><td>37</td><td>26</td></tr>
</table></td></tr>
<tr><td>(ബി)</td><td>ഇത്തരം കേസ്സുകൾ പ്രത്യേകമായി കൈകാര്യം ചെയ്യുന്നതിന് എന്തെങ്കിലും പുതിയ ക്രമീകരണങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ;</td><td>(ബി)</td><td>മയക്കുമരുന്ന് ഉപയോഗത്തിന്റെയും അതുമൂലമുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനുമായി സംസ്ഥാനത്ത് ADGP L&O തലവൻ ആയി ആന്റി നർക്കോട്ടിക് ടാസ്ക് ഫോഴ്സ്(ANTF) ആരംഭിച്ചിട്ടുണ്ട്. കൂടാതെ ജില്ലാ തലത്തിൽ DANSAF എന്ന പ്രത്യേക സ്ക്വാഡും പ്രവർത്തിച്ചുവരുന്നുണ്ട്.<br><br>സ്കൂളുകളിൽ കുട്ടികളുടെയും അദ്ധ്യാപകരുടേയും പങ്കാളിത്തത്തോട് കൂടി ലഹരിക്കെതിരെ വിവിധ ബോധവൽക്കരണ പരിപാടികൾ നടത്തി കൃത്യമായ അവബോധം നൽകാൻ "യോദ്ധാവ്" പരിപാടിയിലൂടെ സാധിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് നിരവധി വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും വിവിധ തരത്തിലുള്ള പരിശീലനങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ഈ പരിപാടിയിലൂടെ വിദ്യാർഥികളുടെ ഇടയിൽ മയക്കുമരുന്നിനടിമപ്പെട്ട കുട്ടികളെ കണ്ടെത്താനും അവരെ പുനരധിവസിപ്പിക്കാനും സാധിച്ചിട്ടുണ്ട്. "യോദ്ധാവ്" ആപ്പിലൂടെയും whatsApp നമ്പരിലൂടെയും ലഭിക്കുന്ന രഹസ്യവിവരങ്ങൾ ഉപയോഗിച്ച് നിരവധി NDPS കേസുകൾ കണ്ടെത്തുന്നതിനും മയക്കമരുന്ന് കടത്തുകാർക്കെതിരെ നടപടി സ്വീകരിക്കാനും സാധിച്ചിട്ടുണ്ട്.</td></tr>
</table>

| | | | |
|---|---|---|---|
| (സി) | മദ്യ-മയക്കമരുന്ന് സംഘങ്ങളിൽ നിന്നും പോലീസുകാർക്കെതിരെ അക്രമങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇവർക്ക് മതിയായ സുരക്ഷാ ഉപകരണങ്ങൾ നൽകാൻ നടപടി സ്വീകരിക്കുമോ? | (സി) | ക്രമസമാധാനപാലനവുമായി ബന്ധപ്പെട്ട് അക്രമങ്ങൾ ചെറുക്കുവാൻ ആവശ്യമായ BP jacket, helmet, shield തുടങ്ങിയ ഉപകരണങ്ങൾ ലഭ്യമാക്കിയതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ